ജില്ലാ വികസന സമിതിയിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾ

12 [608] ശ്രീ. ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വികസന സമിതിയിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാറുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(സി) വികസന സമിതിയിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ആന്റ് (സി) ചോദ്യം ഉദിക്കുന്നില്ല.

ലാൻഡ് റവന്യൂ വകുപ്പിലെ പ്രമോഷൻ

13 [609] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് റവന്യൂ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, അറ്റൻഡൻമാർ, വില്ലേജുമാൻ എന്നിവരുടെ പ്രമോഷൻ ക്വാട്ട ഇപ്പോൾ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; മേൽവിഭാഗം ജീവനക്കാരുടെ പ്രമോഷൻ ക്വാട്ട 15 ശതമാനം ഉയർത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) 1984-ന് മേൽ വിഭാഗം ജീവനക്കാർക്ക് എൽ. ഡി. സി./വി. എ. തസ്തികയിലേക്ക് ഒഴിവിന്റെ 25 ശതമാനം പ്രമോഷൻ വഴി നൽകിയിരുന്നത് പുനഃസ്ഥാപിക്കുമോ;

(സി) ഉണ്ടാകുന്ന ഒഴിവിന്റെ അടിസ്ഥാനത്തിൽ പ്രമോഷൻ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) എൽ. ഡി. സി./വി. എ. പ്രമോഷന് അർഹത നേടിയിട്ടുള്ള എത്ര ജീവനക്കാർ ഓരോ ജില്ലയിലുമുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലാൻഡ് റവന്യൂ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, അറ്റൻഡൻമാർ, എന്നിവരുടേയും വില്ലേജുമാൻ തസ്തികയിലുള്ളവരുടേയും പ്രമോഷൻ ക്വാട്ട 2:3 എന്ന അനുപാതത്തിൽ വകുപ്പിൽ നിലവിലുള്ള എൽ.ഡി.സി./വില്ലേജ് അസിസ്റ്റന്റ് തസ്തികകളുടെ 35 ശതമാനത്തിന്റെ 25 ശതമാനമാണ്. മേൽ വിഭാഗം ജീവനക്കാരുടെ പ്രമോഷൻ ക്വാട്ട 15 ശതമാനമായി ഉയർത്തുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly